LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ കടബാധ്യതകൾ

44 (2282) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി.-യുടെ നിലവിലുള്ള കടബാധ്യതകൾ എത്രയാണ് ; കടബാദ്ധ്യതകളുടെ എത്ര ശതമാനം ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട് ?

ഉത്തരം

ബോർഡിന്റെ കണക്കെടുപ്പ് പൂർത്തിയായ 31-10-2013-ലെ താത്കാലിക കണക്കുപ്രകാരം ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടബാധ്യതകൾ താഴെ നൽകുന്നു:

വർക്കിംഗ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള വായ്പ	2,816.50 കോടി രൂപ
മൂലധന പദ്ധതിക്കു വേണ്ടിയുള്ള വായ്പ	2,654.57 കോടി രൂപ
ആകെ	5,471.07 കോടി രൂപ

31-10-2013-ൽ വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് പിരിഞ്ഞുകിട്ടാനുള്ളത് 985.59 കോടി രൂപയാണ്. ഇത് മേൽ വിവരിച്ച കടബാധ്യതയുടെ 18% വരും.

അധിക വൈദ്യുതി ഉപയോഗിക്കുന്നതിന് പിഴ

45 (2283) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി സ്ഥാപിക്കപ്പെടുന്ന ഉപകരണങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടി വരുന്ന അധിക വൈദ്യുതിക്ക് പിഴ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതാത് മാസം ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്ന ഇപ്പോഴത്തെ രീതിയിൽ കണക്ടഡ് ലോഡ് അധികരിച്ചു എന്ന പേരിൽ പിഴ ഈടാക്കുന്നതിന്റെ കാരണം അറിയിക്കാമോ ;

(സി) സർക്കാർ ഓഫീസുകളിൽ ഇതുസംബന്ധിച്ച സാങ്കേതിക വിദഗ്ധരില്ലാത്ത സാഹചര്യത്തിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന ഏജൻസികൾക്കു തന്നെ കണക്ടഡ് ലോഡ് വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ കെ.എസ്.ഇ. ബി.-യെ അറിയിക്കാനുള്ള ഉത്തരവാദിത്വവും ഏൽപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ?